بسم الله الرحمن الرحيم

# FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ 07.11.2014

## (13 MUHARRAM 1436 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

തശഹ്ഹുദ്, തഅവ്വദ്, സൂറ: അൽഫാത്തിഹ ഓതിയശേഷം വിശുദ്ധ ഖുർ ആൻ 19 – ാം അധ്യായം 74 മുതൽ 80 വരെ പാരായണം ചെയ്തു. എന്നിട്ട് പറഞ്ഞു.

ഇവിടെ ഹാജരായിട്ടുള്ള റോഡ്ഗ്രിയൻ സഹോദരിമാരെ സഹോദരന്മാരെ അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹ് വ ബർക്കാത്തുഹു. ആദ്യമായി നിങ്ങളുടെ സാന്നിദ്ധ്യത്തിന് നന്ദി രേഖപ്പെടുത്തുകയാണ്. 2014 നവംബർ 7 ചരിത്ര പ്രാധാന്യമുള്ള ഒരു തീയതി ആകുന്നു. റോഡ് ഗ്രിസിലെ ഓസ്റ്റർ ബേയിൽ നമ്മുടെ ജും ആ നടത്തുകയാണ്. നിങ്ങൾക്കെല്ലാം അറിയാവുന്നതുപോലെ എന്റെ ഇവിടുത്തെ താമസത്തിന്റെ ഉദ്ദേശ്യം ഒരു സ്ഥലം കണ്ടെത്തുകയും, നമുക്കായി ഒരു പള്ളി നിർമ്മിക്കുകയും ചെയ്യുക എന്നതാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒരു സ്ഥലം കണ്ടെത്തി പള്ളി നിർമ്മാണവും പുരോഗമിക്കുകയാണ്. എന്നാൽ വിവിധ മതങ്ങളിൽപ്പെട്ട എതിരാളികൾ, അതുപോലെ ഇസ്‌ലാമിലെ വിവിധ വിഭാഗങ്ങളും നമ്മുടെ പ്രവർത്തനങ്ങൾക്ക് തടസ്സങ്ങൾ സൃഷ്ടിക്കുകയും, പ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. ആയതിനാൽ റോഡ്ഗ്രിസിലെ ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാം പള്ളിയുടെ നിർമ്മാണ പ്രവർത്തനം നിറുത്തി വച്ചിരിക്കുകയാണ്.

നിർമ്മാണ അതോറിറ്റി അംഗീകാരം നൽകിയ ശേഷം, മറിച്ച് പറയുന്നത് ദൗർഭാഗ്യകരമാണ്. നാം റോഡ് ഗ്രീസിൽ വന്ന ശേഷം എല്ലാ നടപടിക്രമങ്ങളും അതോറിറ്റിയുമായി പൂർത്തിയാക്കിയ ശേഷം പള്ളി നിർമ്മാണ പദ്ധതിയുമായി മുന്നോട്ടു പോകുകയായിരുന്നു. നമ്മുടെ ജമാ അത്തിന്റെ ഒരു പ്രവർത്തന കേന്ദ്രവും പള്ളിയും ഇവിടെ അനിവാര്യമാണ്. നമ്മുടെ സഹോദരി സഹോദരന്മാർക്ക് അവരുടെ ജും ആ നിർവ്വഹിക്കുവാൻ ഒരു നല്ല സ്ഥലം അത്യാവശ്യമാണ്. അവരുടെ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന് ഒരു കേന്ദ്രം അത്യാവശ്യമാണ്. ജമാ അത്തായ നമസ്ക്കാരത്തിനും ഇത് അനിവാര്യമാണ്. ഈ സാഹചര്യത്തിൽ നമ്മുടെ എതിരാളികൾ പെട്ടെന്ന് രംഗത്ത് വരുകയും പ്രശ്നങ്ങൾ സൃഷ്ടിക്കുകയുമാണ് ചെയ്തത്.

കുറച്ച് മാസങ്ങൾക്കു മുമ്പ് ഞാനിവിടെ വന്നപ്പോൾ, പുതുതായി ബൈഅത്ത് ചെയ്ത അംഗങ്ങളുടെ ആവേശം ഞാൻ കണ്ടതാണ്. എന്നാൽ ഇപ്പോൾ എന്റെ സന്ദർശനത്തിൽ ഒരു കാര്യം എനിക്ക് ബോധ്യമായി. അതായത് നമ്മുടെ എതിരാളികൾ എത്ര ശക്തമായാണ് കാര്യങ്ങൾ നീക്കുന്നത് എന്ന്. ഏകനായ അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്ന സന്ദേശത്തെ തടയുവാനും നമ്മുടെ പുരോഗതിയെ തടസ്സപ്പെടുത്തുവാനുള്ള അവരുടെ ശ്രമം വളരെ ശക്തമാണ്. ഈ ദിശയിൽ അവർ കഠിനാധ്വാനം ചെയ്യുകയാണ്. വിശ്വാസത്തിൽ ദുർബലരായ പുതിയ അംഗങ്ങൾ, ശരിയായ നിലയിൽ അവരുടെ വിശ്വാസത്തെ ദൃഢപ്പെടുത്തുവാനുള്ള അവസരമില്ലാത്തതുമൂലം എതിരാളികൾ ഈ അവസരം പ്രയോജനപ്പെടുത്തി പുതിയ അംഗങ്ങളെ പറഞ്ഞ് തെറ്റിദ്ധരിപ്പിച്ച്, കുറേ പേർ ജമാ അത്തുസ്സഹീഹിൽ ഇസ്‌ലാം ഉപേക്ഷിച്ചു പോയിട്ടുള്ളതാകുന്നു. സത്യം തുറന്നു പറയുന്നതിന് നമുക്ക് യാതൊരു മടിയുമില്ല. ജമാ അത്തു ഉപേക്ഷിച്ച ആളുകളെ സ്വാധീനിക്കുവാൻ എന്തെല്ലാം കുതന്ത്രങ്ങളാണ് അവർ പ്രയോഗിച്ചത്. ഞാൻ തറപ്പിച്ചു പറയുവാൻ ആഗ്രഹിക്കുകയാണ്, ഇത് ഒരു വിഭാഗത്തിന്റെ മാത്രം പ്രവർത്തനമല്ല. ജമാ അത്തുസ്സഹീഹിൽ ഇസ്‌ലാമിൽ നിന്ന് നീക്കം ചെയ്യുവാൻ സംഘടിത ശ്രമം തന്നെയാണ് നടന്നത്. നമുക്ക് പറയുവാൻ കഴിയും ഇസ്‌ലാമിലെ എല്ലാ വിഭാഗത്തിനും ഇതിൽ പങ്കുണ്ട് എന്ന്.

റോഡ്ഗ്രിസിൽ പരസ്യമായ ഈ കാര്യത്തെക്കുറിച്ച് ഞാൻ വിശകലനം ചെയ്യുമ്പോൾ, എല്ലാ കാര്യങ്ങളും മാറിയിരിക്കുന്നതായി മനസ്സിലാകുന്നു. റോഡ്ഗ്രിസിനെക്കുറിച്ച് എനിക്ക് നന്നായി അറിയാം ഇതിലെ അന്തേവാസികൾ എത്ര നല്ലവരായിരുന്നു. മതപരമായ പ്രഭാഷണങ്ങൾ കേൾക്കുവാൻ അവർ എത്ര തൽപരരായിരുന്നു. ഞാൻ ആദ്യമായി റോഡ്ഗ്രിസിൽ വന്നത് 1993 ലാണ്. 2000 വരെ ഇത് തുടർന്നു കൊണ്ടിരുന്നു. റോഡ്ഗ്രിസ് ശാന്തമായ ഒരു ദ്വീപായിരുന്നു. ഇവിടെ താമസിക്കുവാൻ ഒന്നും ഭയപ്പെടേണ്ടതില്ലായിരുന്നു. സമാധാനത്തോടെ നിങ്ങൾക്ക് വീട്

വിട്ട് പുറത്തു പോകാമായിരുന്നു. വീടുകൾ തുറന്നിട്ടിട്ടുതന്നെ പോകാമായിരുന്നു. മോഷ്ടിക്കുവാൻ ആരും കയറി ല്ല. കുറ്റകൃത്യങ്ങളെക്കുറിച്ചോ, അതിക്രമത്തെക്കുറിച്ചോ കേട്ടിട്ടുപോലുമില്ലായിരുന്നു. എന്നാൽ ഇന്ന് സ്ഥിതി മാറിയി രിക്കുന്നു. ജനങ്ങൾ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നു. **'ലെസ് പ്ളസ്'** എന്ന നിങ്ങളുടെ പത്രത്തിൽ തന്നെ വന്ന ഒരു റിപ്പോർട്ട് ഞാൻ കാണുകയുണ്ടായി. കുറ്റം-നീതി - സുരക്ഷിതത്വം - സ്ഥിതിവിവരക്കണക്കുകൾ എന്ന തലക്കെ ട്ടിൽ 2014 ആഗസ്റ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. റോഡ്ഗ്രിസിലെ കുറ്റകൃത്യങ്ങളുടെ എണ്ണം 2012, 2013 ൽ വള രെയധികം വർദ്ധന രേഖപ്പെടുത്തിയിരിക്കുകയാണ്. 2012 ൽ റോഡ് ഗ്രിസ് പോലീസ് രജിസ്റ്റർ ചെയ്ത കേസുക ളുടെ എണ്ണം 6352 ആയിരുന്നു. അത് 2013 ആയപ്പോഴേക്കും 8408 ആയി വർദ്ധിച്ചിരിക്കുന്നു.

ടെറി റോഗിൽ (റഡ് ലാന്റ്) ഒക്ടോബർ 28-ാം തീയതി ദാരുണമായ ഒരു കുറ്റം അരങ്ങേറുകയുണ്ടായി. റിതാ എന്നു പേരുള്ള 65 വയസ്സുള്ള വിധവയായ ഒരു സ്ത്രീയാണ് അതിന് ഇരയായത്. രക്തത്തിൽ കുളിച്ച് കിടന്ന അവരുടെ ശരീരം വികൃതമാക്കപ്പെട്ടിരുന്നു. അവരുടെ അനന്തരവനാണ് കുറ്റവാളി. അവന്റെ പേര് അലൻഡർ എഡ്വൂ ആർക്ക്, 17 വയസ്സ്, ടെറി റോഗ്യൂവിൽ താമസിക്കുന്നവൻ തന്നെയാണ്. എന്റെ ആദ്യ സന്ദർശന സമയത്ത് കണ്ടു മുട്ടുകയും, അല്ലാഹുവിന്റെ ഏകത്വത്തെക്കുറിച്ച്, ആത്മീയ ബോധനം നൽകുകയും ചെയ്ത ഒരു പോലീസ് ഓഫീ സറാണ് ഇക്കാര്യം പറഞ്ഞത്. ഈ കൊല നടക്കുന്നതിന് രണ്ടു ദിവസം മുൻപ്, കൊലചെയ്യപ്പെട്ട സ്ത്രീയുമായി അഭിമുഖം നടത്തുകയും, അവരുടെ വീട് പുനരുദ്ധാരണത്തിന് ഗവൺമെന്റിൽ നിന്ന് പണം നൽകുകയും ഉണ്ടായി. ഈ വാർത്ത അറിഞ്ഞ അവരുടെ അനന്തരവൻ ആ സ്ഥലത്ത് വരികയും, പണം മോഷ്ടിക്കുവാൻ ശ്രമിക്കുകയും ചെയ്തു. അപ്പോൾ ആ സ്ത്രീ ഇത് കാണുകയും, അതേതുടർന്ന് അപമര്യാദയായി അവരോട് പെരുമാറുകയും, തുടർന്ന് ലൈംഗിക പീഢനം നടത്തുകയും, തുടർന്ന് കൊലചെയ്യപ്പെടുകയുമായിരുന്നു.

ഈ സംഭവം റോഡ്ഗ്രിസ്കാരുടെ ധാർമ്മിക അധപതനത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. യുവാക്കൾ തെറ്റായ പാത തെരഞ്ഞെടുത്തിരിക്കുന്നു. ദ്വീപിലെ അന്തേവാസികൾ 1 ലക്ഷത്തിലധികമായിട്ടില്ല. വീട് പൂട്ടാതെ ഇന്ന് ദ്വീപ് വാസികൾക്ക് പുറത്തു പോകാൻ കഴിയാതായിരിക്കുന്നു. സ്ത്രീകൾക്കും, പെൺകുട്ടികൾക്കും ഒറ്റയ്ക്ക് സഞ്ചരിക്കുവാൻ സാധിക്കാതെ വന്നിരിക്കുന്നു. ജീവിതം വഴിമുട്ടിയിരിക്കുകയാണ്. അധാർമ്മികത പടർന്നു പിടിച്ചി രിക്കുന്നു.

ചോദ്യം ഇതാണ് :- ജമാ അത്തുസ്സഹീഹിൽ ഇസ്ലാം ഒരു ചൂതുകളി കേന്ദ്രം നിർമ്മിക്കുകയായിരുന്നുവെ ങ്കിൽ, അഥവാ ഒരു ഡിസ്കോ കേന്ദ്രം സ്ഥാപിക്കുകയായിരുന്നെങ്കിൽ , അവിടെ പാട്ടും, കൂത്തും, ഡാൻസും നട ത്തുമായിരുന്നെങ്കിൽ അത്തരം പദ്ധതികൾക്ക് വല്ല എതിർപ്പും വരുമായിരുന്നോ ? നിശ്ചയം ! ഒരു ചൂതുകളി കേന്ദ്രം തുറക്കാൻ ശ്രമിച്ചിരുന്നെങ്കിൽ എപ്പോൾ അനുവാദം കിട്ടിയെന്ന് ചോദിച്ചാൽ മതി.! അത്തരം നിർമ്മാണ പ്രവർത്തന ങ്ങൾ പെട്ടെന്ന് തന്നെ ചെയ്യുവാൻ കഴിയുന്നതാണ്.! അതിനെ അവർ അഭിനന്ദിക്കുകയും ചെയ്യുന്നു. കാരണം യുവാക്കൾക്ക് അവിടെ കളിക്കുകയും വിനോദിക്കുകയും ചെയ്യാമല്ലോ ! ദൗർഭാഗ്യവശാൽ ആത്മീയതയ്ക്ക് വേണ്ടി ഒരു കെട്ടിടം നിർമ്മിക്കുവാൻ തുടങ്ങിയാൽ അപ്പോൾ അതിന്റെ വാതിലുകൾ കൊട്ടിയടയ്ക്കപ്പെടുന്നു. ആത്മീയ ഭവനം അടയ്ക്കുന്നതിനായി അവർ അവരുടെ പരമാവധി കഴിവ് പ്രയോഗിക്കുന്നു. യുവാക്കൾക്ക് ആവശ്യമായ ആത്മീയ ജ്ഞാനം അവിടെ നിന്ന് ലഭിക്കുമായിരുന്നു. ആത്മീയ വിദ്യാഭ്യാസം നേടാമായിരുന്നു. അങ്ങനെ അവർ എല്ലാവിധ കൊടിയ പ്രവർത്തനങ്ങളിൽ നിന്ന് പിൻവാങ്ങുമായിരുന്നു. ദാരുണമായ പ്രവർത്തനങ്ങൾ ചെയ്യാൻ പ്രേരി പ്പിക്കുന്ന അധാർമ്മികതിയിൽ നിന്നും അവരെ മോചിപ്പിക്കുവാൻ കഴിയുമായിരുന്നു. റോഡ് ഗ്രിസിൽ ഇപ്പോൾ നട ക്കുന്ന കാര്യങ്ങൾ ഓർത്ത് നിങ്ങൾ സഹോദരീ സഹോദരന്മാർ ദുഃഖിക്കുക. റോഡ്ഗ്രിസിൽ പൂർത്തിയാക്കാൻ ശ്രമിച്ച ചില പ്രവർത്തനങ്ങളിൽ അവർ എങ്ങനെയാണ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതെന്ന് ചിന്തിക്കുക. ഈ പൂർത്തീക രണത്തിന് അവരോട് നാം പണം ആവശ്യപ്പെടുന്നില്ല. നാം ആഗ്രഹിക്കുന്നത് ദൈവത്തിന്റെ ഒരു ഭവനം നിർമ്മിക്കുക എന്നത് മാത്രമാണ്. അതിലൂടെ എല്ലാവർക്കും ദൈവത്തിലേക്ക് തിരിയുവാനുള്ള ഒരു വഴി തുറക്കപ്പെടുകയാണ്. ഏക ദൈവത്തിലേക്ക് നിങ്ങൾ തിരിയുമ്പോൾ, ദൈവീക കല്പനകൾ നിങ്ങൾ വായിക്കുന്നു, അത് യുവാക്കൾക്ക് വിശദീകരിച്ചു കൊടുക്കുന്നു, അങ്ങനെ അവർക്ക് ഇതുവരെ നേടാൻ കഴിയാത്ത ഒരു പുതിയ വിദ്യാഭ്യാസം നേടു വാൻ കഴിയുന്നു. ഒരു രീതിയിലുള്ള വിദ്യാഭ്യാസമേയുള്ളൂ എന്ന് കരുതരുത് ! അതായത് സ്കൂളുകളിൽ നിന്ന് ലഭി ക്കുന്ന വിദ്യാഭ്യാസം. സ്കൂളുകളിലും / കോളേജുകളിലും പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികളുടെ സ്വഭാവ വൈകൃത ങ്ങൾ നിങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഈ വിഷയത്തെക്കുറിച്ച് വിശദമായി സംസാരിക്കുന്നില്ല. നോക്കുക ! സ്കൂൾ കോളേജ് യുവാക്കൾ, യുവതികൾ എങ്ങനെയാണ് സ്കൂൾ കോളേജ് പരിസരത്ത് പെരുമാറുന്നതെന്ന് !

ബസ് സ്റ്റോപുകളിൽ ! ലഹരി മരുന്നുകൾ കൊണ്ടു നടക്കുന്നതും ഉപയോഗിക്കുന്നതും ! സ്കൂൾ പരിസരത്തും, കോളേജ് ക്യാമ്പസിലും ഈ എല്ലാ തിന്മകളും ചേക്കേറിയിരിക്കുന്നു. അങ്ങനെ യുവാക്കൾ , യുവതികൾ നാശത്തിന്റെ വക്കിൽ എത്തി നിൽക്കുന്നു. അല്ലയോ സഹോദരീ സഹോദരന്മാരെ ലോകം അന്ധകാരത്തിൽ ആണ്ടു കിടക്കുകയാണ്.

അല്പം ചില മാസങ്ങൾക്കുശേഷം വീണ്ടും ഞാൻ വരുവാൻ കാരണം ഇതാണ്. ഈ ജോലി തുടരുവാൻ – അങ്ങനെ ഒരു ദൈവീക ഭവനം പൂർത്തീകരിക്കുവാൻ – അതോടൊപ്പം യുവാക്കൾക്ക് പരിശീലനം നൽകുവാൻ– അതിലൂടെ മറ്റുള്ളവരെ ആത്മീയതയിലേക്ക് കൈപിടിച്ചു നടത്തുവാൻ. അങ്ങനെ നിങ്ങൾ നല്ല കാര്യങ്ങൾ ചെയ്യുമ്പോൾ അനേകരെ ആത്മീയതയിലേക്ക് നയിക്കുവാൻ ശ്രമിക്കുമ്പോൾ, നല്ല വാക്ക് പറയുമ്പേൾ, ആ വഴിയിൽ ഇപ്പോഴിതാ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. ഈ ദുഷ് ചെയ്തികൾ ചെയ്യുന്നവർ ദൈവ മതത്തിന്റെ പുറത്തേക്കാണ് ജനങ്ങളെ ക്ഷണിക്കുന്നത്. ഇക്കാര്യത്തിൽ കള്ളം പറയുവാൻ അവർ അശേഷം മടിക്കുന്നില്ല.

കഴിഞ്ഞ വർഷങ്ങളിലൂടെയുള്ള എന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുമ്പോൾ, കഴിഞ്ഞ പ്രാവശ്യം ഞാൻ വന്നപ്പോൾ ഉണ്ടായിരുന്നവരുടെ എണ്ണം കണക്കാക്കുമ്പോൾ, ഇപ്രാവശ്യത്തെ ഹാജർ നില വളരെ കുറവാണ്. ഇന്ന് ഒരു പൊതു അവധി ദിവസമല്ല എന്നത് ശരിയാണ്. എന്നാൽ ഇന്ന് ജും ആ ആണ്. എന്നാൽ മറ്റുള്ളവർ മറ്റുള്ളവരുടെ അടുത്താണ്. നാം അല്ലാഹു (ത) യോടുള്ള നന്ദി കാണിക്കേണ്ടവരാണ്. കാരണം നിങ്ങൾ സഹോദരീ സഹോദരന്മാർ ഇത്രയും പേർ ഇന്നിവിടെ ഹാജരായിരിക്കുന്നു ! അൽഹംദുലില്ലാഹ്. നാം മറ്റുള്ളവരിലേക്ക് നോക്കുമ്പോൾ ഈ ദ്വീപിൽ വളരെക്കാലമായി അവർ നിലനിൽക്കുന്നു.; പള്ളികളും മറ്റെല്ലാ സൗകര്യങ്ങളും അവർക്കുണ്ട്.; എന്നാൽ ദൗർഭാഗ്യവശാൽ പ്രധാനപ്പെട്ട ഈ ദിനത്തിൽ – ജും ആ ദിനത്തിൽ വളരെ കുറച്ച് പേർ മാത്രമാണ് ജും ആയ്ക്ക് പോകുന്നത്. ജമാ അത്തായ നമസ്ക്കാരത്തിന് പോകുന്നത്. ചിലപ്പോൾ ഈ പള്ളികൾ കാലിയായി കിടക്കുന്നു. നാം ഈ പള്ളികളുടെ സമീപത്തെത്തുമ്പോൾ ഒരു ജനൽ തുറന്നു കിടക്കുന്നതു കാണാം. ആരോ അല്ലെങ്കിൽ കുറച്ചു പേർ അതിനകത്തു ഉണ്ടെന്ന് നാം കരുതുന്നു.; എന്നാൽ കാര്യങ്ങൾ അങ്ങനെയല്ല. അവിടെ ആരുമില്ല. പള്ളി കാലിയാണ്. ആ കേന്ദ്രത്തിൽ ഞാൻ വളരെക്കാലം ജോലി ചെയ്തിട്ടുള്ളതാകുന്നു. ഇനി വേറെയും രണ്ട് പള്ളികൾ ഒഴിഞ്ഞു കിടക്കുകയാണ്. അവിടെ ആരാധന നടത്തുന്നവർ ഇല്ല. ചിലപ്പോൾ രാത്രിയിൽ അപൂർവ്വമായി ആരെങ്കിലും വന്നേക്കാം. ഒന്നോ രണ്ടോ പേർ പ്രാർത്ഥിക്കുന്നുണ്ട്. അവർ തന്നെ മൗറീഷ്യക്കാരാണ്. അവർ റോഡ്ഗ്രിസിൽ ജോലിക്കായി താമസമാക്കിയവരാണുതാനും.

ഇപ്പോൾ, നാം (ജമാ അത്തുസ്സഹീഹിൽ ഇസ്‌ലാം) റോഡ് ഗ്രിസിലെ സഹോദരീ സഹോദരന്മാരൊടൊപ്പം നല്ല പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുവാൻ ശ്രമിക്കുകയാണ്. നാം അവർക്ക് ആത്മീയ വിദ്യാഭ്യാസം നൽകുവാൻ ആഗ്രഹിക്കുകയാണ്.; ആത്മീയതയിലേക്ക് വഴികാണിക്കുവാൻ നാം ശ്രമിക്കുന്നു ; ഈ യുവാക്കളെ സംഘടിപ്പിച്ച്, അവർക്ക് ആവശ്യമായ പ്രയ്തനത്തിലേർപ്പെടാൻ പ്രാപ്തരാക്കുകയാണ്. അവർക്ക് ഈ ആത്മീയ വിദ്യാഭ്യാസം ലഭ്യമാകുമ്പോൾ അനേകം തെറ്റുകളിൽ നിന്നും സമൂഹത്തെ രക്ഷിക്കുവാൻ സാധിക്കുന്നതാണ്. എന്നാൽ അവർക്ക് ആത്മീയ വിദ്യാഭ്യാസം ലഭ്യമാകാതെ പോയാൽ, ദൈവത്തിലേക്ക് അവർ മുഖം തിരിക്കാതെ ഇരുന്നാൽ, പ്രാർത്ഥനയെ അവഗണിച്ചാൽ, പിശാച് അവരെ ഇളക്കിവിടും. അപ്പോൾ അവർ വഴിതെറ്റിപോകും. പലപ്പോഴും ഞാൻ വിവരിച്ചതു പോലെ അനേകർ മോഷണം പോലുള്ള കുറ്റകൃത്യങ്ങളിൽ അകപ്പെടുകയും, എല്ലാം പണത്തിന് വേണ്ടിയാണ്. പണം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. കുടുംബ ഐക്യം തകരുന്നു. സഹോദരന്മാർ, സഹോദരീമ്മാർ, രക്ഷകർത്താക്കൾ ധനത്തിന്റെയും സ്വത്തിന്റെയും പേരിൽ ശത്രുക്കളായി തീരുന്നു. ജനങ്ങൾ പരസ്പരം മത്സരിക്കുന്നു. ഒരാൾക്ക് മറ്റൊരാളെക്കാൾ ആർഭാടത്തിൽ മുന്നേറുവാൻ മത്സരിക്കുന്നു. അങ്ങനെ അവർ കടത്തിനുമേൽ കടം വാങ്ങുന്നു. അങ്ങനെ കടക്കാരനായി തീരുന്നു. കടം എടുത്ത് കച്ചവടം ചെയ്യുന്നു. എന്ത് ഹൃദയ ഉദ്ദേശ്യത്തോടെയാണ് ഇതൊക്കെ ചെയ്യുന്നതെന്ന് ഏറ്റവും നന്നായി അറിയുന്നവൻ അല്ലാഹുവാണ്.

എന്റെ വെബ് സൈറ്റിൽ ക്രയോൾ ഭാഷയിൽ വെള്ളിയാഴ്ച ഖുത്തുബ വരുന്നുണ്ട്. അവ നിങ്ങൾ ശ്രദ്ധിക്കുന്നുണ്ടോ എന്ന് എനിക്കറിയില്ല. **'ഹൃദയത്തെ'** സംബന്ധിച്ച് ഈയിടെ അനേകം ഖുത്തുബകൾ ഞാൻ നടത്തുകയുണ്ടായി. ഹൃദയത്തിന് രോഗം ബാധിച്ചാൽ, അതൊരു കടുകു മണിയോളമായാലും ശരി, അതിന്റെ ഏതെങ്കിലും ഒരു കോണിൽ ഒരൽപ്പം ഉണ്ടായാൽ, അതിൽ അസൂയ ഉണ്ടായാൽ, സംശയം ഉണ്ടായാൽ, അത്തരം ഹൃദയങ്ങളിൽ കാര്യങ്ങൾ വഷളായി തീരുന്നതാണ്. ഒരു തീപ്പെട്ടിക്കൊള്ളി കത്തിക്കുന്നതുപോലെ. ഒരു തീപ്പെട്ടിക്കൊള്ളി ചെറുതാണ്. എന്നാൽ അതിന്റെ പ്രത്യാഘാതം വളരെ വലുതാണ്. ഒരു ചെറിയ തീപ്പെട്ടികൊള്ളിക്ക് അനേകം ഏക്കർ

സ്ഥലം അഗ്നിയാൽ നശിപ്പിക്കുവാൻ കഴിയുന്നതാണ്.

നിങ്ങൾ ഗാഢമായി ചിന്തിക്കൂ ! സംശയത്തിന്റെ ഒരൽപ്പം അഗ്നി അഥവാ അത്യാഗ്രഹത്തിന്റെ അഗ്നി അഥവാ ഒരല്പം ധാരണ പിശക് നിങ്ങളുടെ ഹൃദയത്തിലുണ്ടായാൽ ഏത് തരത്തിലുള്ള നശീകരണമായിരിക്കും ഉണ്ടാവുക എന്ന്. എളുപ്പത്തിൽ ധനം സമ്പാദിക്കുവാനുള്ള വഴികളെക്കുറിച്ച് ആലോചിക്കുന്ന ആളുകളുണ്ട്. ഈ പ്രവർത്തനങ്ങളൊക്കെ ആരംഭിക്കുന്നത് ഹൃദയത്തിൽ നിന്നാകുന്നു. ഇത്തരത്തിലുള്ള തെറ്റുകൾ ഹൃദയങ്ങളിൽ നട്ടു പിടിപ്പിച്ചാൽ - ഇവിടെ റോഡ്ഗ്രിസിൽ കർഷകർ ചെയ്യുന്നതുപോലെ - ശക്തമായ മഴ ലഭിക്കുമ്പോൾ മണ്ണിൽ വിത്തിടുവാൻ കർഷകർ ധൃതിപ്പെടുന്നു. അത് പോലെ നിങ്ങൾ അസൂയയുടെയും ദുഷ് ചിന്തകളുടെയും വിശ്വാസരാഹിത്യത്തിന്റെയും അത്യാഗ്രഹത്തിന്റെയും വിത്തിട്ടാൽ, ഇഹലോക സുഖാഡംബരങ്ങൾ, അഥവാ ധനം ആർജ്ജിക്കുവാൻ ശ്രമിച്ചാൽ, നിങ്ങളുടെ ഹൃദയവും പ്രവർത്തനങ്ങളും അതിന്റെ അനന്തര ഫലങ്ങൾ നേരിടേണ്ടി വരുന്നതാണ്. ജനം ഇപ്പോൾ പണത്തിന്റെ പുറകെയാണ്. അവർക്ക് അത് കൂടുതൽ കൂടുതൽ കിട്ടണം. പണക്കാരനാകണമെന്ന് മാത്രം ആഗ്രഹിക്കുന്ന ധാരാളം ആളുകളുണ്ട്. ഇനി മറ്റൊരു കൂട്ടർ ജോലി ചെയ്യുന്നു. അവരുടെ കഠിനാദ്ധ്വാനത്തിന്റെ കൂലി ആവശ്യപ്പെടുന്നു. അധ്വാനിക്കുന്നവർക്ക് ന്യായമായ വേതനം ലഭിക്കാതെ വരുമ്പോൾ അവർ പ്രക്ഷോഭത്തിലേക്ക് നീങ്ങുന്നു. ഇത്തരത്തിലുള്ള ഒരു ലോകത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. ജനം ലോകത്തിന്റെ പുറകെയാണ്. അവർ ദൈവത്തേയും ആത്മീയതേയും അന്വേഷിക്കുന്നതേയില്ല.

അനേകം ക്രിസ്തീയ ദേവാലയങ്ങൾ നിർമ്മിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ സന്ദേശ യാത്രയ്ക്കിടയിൽ മനോഹരമായ ഒരു ചർച്ച് ബോട്ടിന്റെ ആകൃതിയിൽ നിർമ്മിക്കപ്പെട്ടിരിക്കുന്നത് നാം കാണുകയുണ്ടായി. ധാരാളം പണം അതിനായി ചിലവഴിച്ചിരിക്കുന്നു. എന്നാൽ നാം സ്വയം ചോദിക്കുകയാണ് അവിടെ പ്രാർത്ഥിക്കുവാൻ എത്ര പേർ പോകുന്നുണ്ടാവും. ജനങ്ങൾക്ക് ഫോട്ടോ എടുക്കുന്നതിനു വേണ്ടി അത് മനോഹരമാക്കപ്പെട്ടിരിക്കുകയാണോ ?

ഞാൻ 1993ൽ ആദ്യമായി ഇവിടെ വരുമ്പോൾ കൂടുതൽ മുസ്‌ലീം പള്ളികളോ, ചർച്ചുകളോ, ക്ഷേത്രങ്ങളോ ഇല്ലായിരുന്നു. എന്നാൽ ഇന്ന് ഇവയൊക്കെ ധാരാളമുണ്ട്. സത്യം പറഞ്ഞാൽ ഇവിടെയൊക്കെ ആരാധന നടത്തുവാൻ എത്രപേർ പോകുന്നുണ്ട് ? അവരുടെ ആരാധനാലയങ്ങളുമായി അവർ കൂടുതൽ അടുപ്പം പുലർത്തുന്നുണ്ടോ ? അവർ ആരോടെങ്കിലും ശത്രുത വച്ച് പുലർത്തുന്നുണ്ടോ ? ദൈവത്തിലേക്ക് മനുഷ്യരെ അടുപ്പിക്കുന്നതിന് ശരിയായ നിലയിൽ ചിന്തിക്കുന്നവർ അവരിലുണ്ടോ ? പ്രവർത്തിക്കുന്നവർ അവരിലുണ്ടോ ? അങ്ങനെയാണെങ്കിൽ ഈ തെറ്റായ പ്രവൃത്തികൾ സമൂഹത്തിൽ ഉണ്ടാവില്ല. പറയുന്നതിൽ വിഷമം ഉണ്ട്. അതായത് റോഡ്ഗ്രിസിലെ ജനങ്ങൾ തെറ്റായ പാതയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ആത്മീയതയുടെ വെളിച്ചം കെടുത്തുവാൻ സംഘടിതമായി നീങ്ങുന്നതു കാണുമ്പോൾ വേദനയുണ്ടാകുന്നു. അവർ നമ്മുടെ പദ്ധതികൾക്ക് തടയിടുന്നു. ഇപ്പോൾ റോഡ് ഗ്രിസിൽ അല്ലാഹുവിന്റെ ഒരു ദാസൻ സംസാരിച്ചുകൊണ്ടിരിക്കുകയാണ്. ഈ സന്ദേശം പ്രചരിപ്പിക്കുന്നത് തടയാൻ ശ്രമിക്കുന്നവർ വളരെ മോശമായ പ്രവർത്തനത്തിലാണ് ഏർപ്പെട്ടിരിക്കുന്നത്. പള്ളി നിർമ്മിക്കുന്നത് തടയുന്നവർ, ഇനി മുന്നോട്ട് പോകാതിരിക്കാൻ തടയിടുന്നവർ, ഇപ്പോൾ ഇത് തടയുവാൻ നിങ്ങൾക്ക് കഴിയുമായിരിക്കും. അവരോട് ഇപ്പോൾ ഞാൻ ഇത്രമാത്രം പറയുന്നു. ഞാൻ ഇക്കാര്യത്തിൽ വേണ്ടത് ചെയ്തുകൊണ്ടിരിക്കും. ബന്ധപ്പെട്ട അധികാരികളോട് ഏറ്റവും നല്ല നിലയിൽ സമീപിക്കുന്നതാണ്. എന്നാൽ അവരുടെ ഹൃദയങ്ങളിൽ വളരെയധികം പരുഷത കടന്നുകൂടിയിരിക്കുന്നതായി ഞാൻ കാണുന്നു. അവരിൽ ചിലർ നമ്മോടുള്ള ശത്രുത പ്രകടിപ്പിക്കുക പോലും ചെയ്തു. അവരുടെ ഹൃദയങ്ങളിൽ ശത്രുത കുത്തി നിറയ്ക്കുവാൻ ചിലർ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇത് ചെയ്യുന്നവരും, ചെയ്യിക്കുന്നവരും അവരുടെ പ്രവർത്തനങ്ങളുടെ അനന്തരഫലം അനുഭവിക്കേണ്ടി വരും ! അവർ സദ്ഫലങ്ങൾ കൊയ്യുകയില്ല. പകരം മുളളുകളായിരിക്കും നേടുന്നത്.

**“അവർക്ക് നമ്മുടെ വചനങ്ങൾ വ്യക്തമായി ഓതി കേൾപ്പിക്കപ്പെട്ടാൽ അവിശ്വാസികൾ വിശ്വാസികളോട് ചോദിക്കും, രണ്ട് കക്ഷികളിൽ പദവിയിൽ ഉത്തമൻമാരും ഏറ്റവും നല്ല സഭക്കാരും ആരാണ് ? ഇവർക്ക് മുമ്പ് എത്ര തലമുറകളെ നാം നശിപ്പിച്ചു കഴിഞ്ഞു. അവർ ഇവരെക്കാൾ ജീവിതോപകരണങ്ങളിലും ബാഹ്യമായ പ്രതാപത്തിലും മെച്ചപ്പെട്ടവരായിരുന്നു. പറയുക ഏതൊരാൾ ദുർ മാർഗ്ഗത്തിലാകുന്നുവോ, പരമകാരുണ്യകൻ അയാൾക്ക് അവധി നീട്ടിക്കൊടുക്കുന്നതാണ്. അങ്ങനെ അവർക്ക് മുന്നറിയിപ്പ് നൽകപ്പെടുന്നത് അവർ കണ്ടു കഴിയുമ്പോൾ – ഒന്നുകിൽ ശിക്ഷ അല്ലെങ്കിൽ പൂർണ്ണമായ നാശം – അപ്പോൾ ഏറ്റവും ദോഷകരമായ സ്ഥാനവും ഏറ്റവും ബലഹീനമായ സംഘവും ആർക്കാണ് ഉള്ളതെന്ന് അവർ അറിയും. സന്മാർഗ്ഗം സ്വീകരിച്ചവർക്ക് അല്ലാഹു സന്മാർഗ്ഗത്തിൽ പുരോഗതി നൽകുന്നതാണ്. നിലനിൽക്കുന്ന സൽകർമ്മങ്ങൾ, നിന്റെ നാഥന്റെ പക്കൽ പ്രതിഫലദായകം എന്ന നിലയ്ക്കും,**

**(ഗുണ) പര്യവസായി എന്ന നിലയ്ക്കും ഏറ്റവും ഉത്തമമായിട്ടുള്ളതാണ്. നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയും തീർച്ചയായും എനിക്ക് (ധാരാളം) ധനവും സന്തതികളും നൽകപ്പെടുന്നതാണെന്ന് ഉറപ്പിച്ചു പറയുകയും ചെയ്തവനെ നീ കണ്ടുവോ ? അവർ പരോക്ഷകാര്യം അറിഞ്ഞിട്ടുണ്ടോ ? അല്ലെങ്കിൽ പരമകാരുണ്യകന്റെ പക്കൽ നിന്ന് വല്ല കരാറും വാങ്ങിയിട്ടുണ്ടോ ? ഒരിക്കലും അങ്ങനെയല്ല. അവൻ പറയുന്നതിനെ നാം എഴുതി വയ്ക്കുന്നതാണ്. അവന് ശിക്ഷയെ വളരെ നീട്ടിക്കൊടുക്കുകയും ചെയ്യും.''** (19:74 – 80)

ഖുത്തുബയുടെ ആദ്യത്തിൽ പാരായണം ചെയ്ത ഖുർ ആൻ വചനങ്ങൾ സൂറ മർയമിൽ നിന്നുള്ളതാണ്. നാം ഹസ്രത് മർയം എന്നും നിങ്ങൾ അറിയുന്നത് മേരി / കന്യാമറിയം എന്നുമാണ്. നിങ്ങൾ അറിഞ്ഞതുപോലെ യേശുവിന്റെ മാതാവിനെ ഞങ്ങൾ ആദരിക്കുന്നു. യേശു ഒരു മസീഹ് ആയിരുന്നു. പദാർത്ഥത്തിൽ അദ്ദേഹം ദൈവ ത്തിന്റെ മകനല്ല. മറിയം അദ്ധ്യായത്തിൽ ഞാൻ പാരായണം ചെയ്ത 74 മുതൽ 80 വരെ ഉള്ള വചനങ്ങളിൽ ദൈവം പറയുന്നു.

**''അവർക്ക് നമ്മുടെ വചനങ്ങൾ വ്യക്തമായി ഓതി കേൾപ്പിക്കപ്പെട്ടാൽ അവിശ്വാസികൾ വിശ്വാസികളോട് ചോദിക്കും, രണ്ട് കക്ഷികളിൽ പദവിയിൽ ഉത്തമൻമാരും ഏറ്റവും നല്ല സഭക്കാരും ആരാണ് ? ഇവർക്ക് മുമ്പ് എത്ര തലമുറകളെ നാം നശിപ്പിച്ചു കഴിഞ്ഞു. അവർ ഇവരെക്കാൾ ജീവിതോപകരണങ്ങളിലും ബാഹ്യമായ പ്രതാപത്തിലും മെച്ചപ്പെട്ടവരായിരുന്നു.''** (19:74 – 75)

നിങ്ങളുടെ ധനമോ, നിങ്ങളുടെ ബാഹ്യ പ്രകടനങ്ങളോ, നിങ്ങളുടെ എണ്ണമോ അല്ല, അല്ലാഹുവിന്റെ മുമ്പിൽ വിലയിരുത്തപ്പെടുന്നത്. നിങ്ങളിലെ നന്മ മാത്രമാണ് അവിടെ പരിഗണിക്കപ്പെടുന്നത്. അവൻ നോക്കുന്നത് നിങ്ങ ളുടെ ഹൃദയങ്ങളിലേക്കാണ്. നിങ്ങളുടെ ഹൃദയങ്ങൾ അവനിലേക്ക് ചായുന്നുണ്ടോ എന്ന് മാത്രമാണ്. അല്ലാഹു (ത) തുടർന്ന് പ്രവാചകൻ (സ) നോട് പറയുന്നു.

**''പറയുക ഏതൊരാൾ ദുർ മാർഗ്ഗത്തിലാകുന്നുവോ, പരമകാരുണ്യകൻ അയാൾക്ക് അവധി നീട്ടിക്കൊടുക്കു ന്നതാണ്. അങ്ങനെ അവർക്ക് മുന്നറിയിപ്പ് നൽകപ്പെടുന്നത് അവർ കണ്ടു കഴിയുമ്പോൾ – ഒന്നുകിൽ ശിക്ഷ അല്ലെ ങ്കിൽ പൂർണ്ണമായ നാശം – അപ്പോൾ ഏറ്റവും ദോഷകരമായ സ്ഥാനവും ഏറ്റവും ബലഹീനമായ സംഘവും ആർക്കാണ് ഉള്ളതെന്ന് അവർ അറിയും.''** (19:76)

നമ്മളിൽ ആരാണ് യഥാർത്ഥ സംഘം ? ജമാ അത്തുസ്സഹീഹിൽ ഇസ്‌ലാമോ അതോ അതിന്റെ എതിരാളി കളോ ? റോഡ്ഗ്രിസിൽ ഞങ്ങളുടെ പാദം ഉറപ്പിച്ചു കഴിഞ്ഞു. ഞങ്ങളുടെ എണ്ണം കുറവാണെങ്കിലും ഉച്ചത്തിലും വ്യക്തമായും പറയുകയാണ് അല്ലാഹു ഞങ്ങളോടൊപ്പമാണ്. ശത്രുക്കൾ കരുതുന്നത് അവർ ഒരു സൈന്യമാണെന്നാ ണ്. മാത്രമല്ല ഞങ്ങൾ ഒരു ചെറു സംഘമാണ്. ഞങ്ങളെക്കൊണ്ട് ഒന്നും ചെയ്യുവാൻ സാധിക്കുകയില്ല എന്നും കരു തുന്നു. എന്നാൽ നിശ്ചയമായും അല്ലാഹു ഞങ്ങളുടെ എതിരാളികളോട് പറയുന്നു. ഞങ്ങൾ ദുർബലരാണെന്ന് കരു തുന്ന നിങ്ങൾ പെട്ടെന്ന്, വളരെ പെട്ടെന്ന് തന്നെ അറിയും യഥാർത്ഥത്തിൽ ആരാണ് ദുർബലരെന്ന് !

സന്മാർഗ്ഗം സ്വീകരിച്ചവർക്ക് അല്ലാഹു സന്മാർഗ്ഗത്തിൽ പുരോഗതി നൽകുന്നതാണ്. നിലനിൽക്കുന്ന സൽകർമ്മങ്ങൾ, നിന്റെ നാഥന്റെ പക്കൽ പ്രതിഫലദായകം എന്ന നിലയ്ക്കും, (ഗുണ) പര്യവസായി എന്ന നിലയ്ക്കും ഏറ്റവും ഉത്തമമായിട്ടുള്ളതാണ്. നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയും തീർച്ചയായും എനിക്ക് (ധാരാളം) ധനവും സന്തതികളും നൽകപ്പെടുന്നതാണെന്ന് ഉറപ്പിച്ചു പറയുകയും ചെയ്തവനെ നീ കണ്ടുവോ ? അവർ പരോക്ഷ കാര്യം അറിഞ്ഞിട്ടുണ്ടോ ? അല്ലെങ്കിൽ പരമകാരുണ്യകന്റെ പക്കൽ നിന്ന് വല്ല കരാറും വാങ്ങിയിട്ടുണ്ടോ ? (19:77 – 79)

അല്ലെങ്കിൽ നിങ്ങളുടെ ധനത്തിൽ നിങ്ങൾ അഭിമാനം കൊള്ളുകയാണോ ? നിങ്ങളുടെ മക്കളിലും, നിങ്ങൾ ഇടപെടുന്ന കാര്യങ്ങളിൽ ലഭിക്കുന്ന ആദരവിലും അഭിമാനം കൊള്ളുകയാണോ ? എന്ത് തന്നെയായാലും ദൈവവു മായി നടത്തിയ കരാറിനായിരിക്കണം ഒന്നാം സ്ഥാനം. കാര്യങ്ങളിൽ പ്രഥമ സ്ഥാനം അതിന് തന്നെയായിരിക്കണം. നിങ്ങളുടെ സന്താനങ്ങൾക്കോ, ധനത്തിനോ, നിങ്ങളുടെ തന്നെ രക്തത്തിനോ ആയിരിക്കരുത്. കാരണം നിങ്ങളുടെ സ്യഷ്ടാവാണ് നിങ്ങളെ ഭൂമിയിലേക്ക് കൊണ്ടുവന്നത്. നിങ്ങളുടെ സൃഷ്ടാവാണ് നിങ്ങൾക്ക് മാതാപിതാക്കളെ നൽകി യത്. ഇപ്പോൾ നിങ്ങൾ മാതാപിതാക്കളായിരിക്കുന്നു. നിങ്ങൾക്ക് കുട്ടികളുമുണ്ടായിരിക്കുന്നു. തങ്ങളുടെ മക്ക ളിൽ വളരെയധികം അഭിമാനം കൊള്ളുന്ന മാതാപിതാക്കളുണ്ട്. അവരെ സംബന്ധിച്ചിടത്തോളം കുട്ടികൾക്കാണ് പ്രഥമ സ്ഥാനം. തങ്ങളുടെ കുട്ടികളുടെ ന്യൂനതകൾ കാണാതെ മറ്റുള്ളവരുടെ കുട്ടികളുടെ ന്യൂനതകളിലേക്കാണ് നോക്കുന്നത്. തങ്ങളുടെ കുട്ടികൾ എന്താണ് ചെയ്യുന്നതെന്ന് നോക്കാറെയില്ല. ഇക്കാര്യത്തിൽ അവർ കണ്ണടച്ചിരി ക്കുകയാണ്. മറ്റുള്ളവരെ വിമർശിക്കുന്നതിലാണ് ഹരം. ഒരുവൻ തന്നിലേക്കാണ് ആദ്യമേ നോക്കേണ്ടത്. ഭൂമിയിൽ

അല്ലാഹു നമുക്ക് കണ്ണാടി നൽകിയിരിക്കുന്നത് നാം പുറത്തേക്ക് പോകുന്നതിനു മുമ്പ് നാം സ്വയം കണ്ണാടി നോക്കുന്നതിനാണ്. കണ്ണാടി നമ്മോട് ഒരു ശബ്ദവും ഉണ്ടാക്കാതെ നമ്മൾ എങ്ങനെയാണെന്ന് പറയുന്നു. മറ്റുള്ളവരുടെ മുമ്പിൽ കൊണ്ടു ചെല്ലാവുന്ന രൂപത്തിലാണോ നാം. നമ്മുടെ ന്യൂനതകൾ അത് ചൂണ്ടി കാണിക്കുന്നു. നമ്മുടെ മുടി നന്നായി ചീകിയിട്ടുണ്ടോ അതോ ഇല്ലേ ? നാം നന്നായി വസ്ത്രം ധരിച്ചിട്ടുണ്ടോ അതോ ഇല്ലേ ? നാം പുറത്തു പോകുമ്പോൾ മറ്റുള്ളവരുടെ മുടിയിലും വസ്ത്രത്തിലുമാണ് നോക്കുന്നത്. നമ്മുടെ മുടിയിലും വസ്ത്രത്തിലും നാം നോക്കുന്നതിനു പകരം. സ്ത്രീകളുടെ കാര്യത്തിലും ഇത് തന്നെ അവസ്ഥ. അവർ മറ്റുള്ളവരുടെ മുടിയിലും വസ്ത്രത്തിലും നോക്കുന്നതിന് പകരം തങ്ങളുടെ മുടിയിലും വസ്ത്രത്തിലുമാണ് നോക്കേണ്ടത്. ഒരാളുടെ വിശ്വാസത്തെ അവലോകനം ചെയ്യേണ്ടതിന് സ്വീകരിക്കേണ്ട മാനദണ്ഡം ഇതായിരിക്കണം. അല്ലാഹു (ത) പറയുന്നു. **"ഒരിക്കലും അങ്ങനെയല്ല. അവൻ പറയുന്നതിനെ നാം എഴുതി വയ്ക്കുന്നതാണ്. അവന് ശിക്ഷയെ വളരെ നീട്ടിക്കൊടുക്കുകയും ചെയ്യും."** (19:80)

പ്രിയ സഹോദരങ്ങളെ ! നാം ദൈവീക കല്പനകളുമായി ചേർന്ന് നിൽക്കേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അല്ലാഹുവിന്റെ ഏകത്വത്തിൽ വിശ്വസിക്കുകയും, അവനോട് ആത്മാർത്ഥമായി ചേർന്ന് നിൽക്കുകയും ചെയ്യേണ്ടതാണ്. നാം അവനിലേക്ക് തിരിയുകയും നാം പരസ്പരം ആത്മാർത്ഥതയോടെ പെരുമാറുകയും ചെയ്യേണ്ടതാണ്. തന്റെ സുഹൃത്തിനെ അസൂയയോടെ വീക്ഷിക്കരുത്. ആരെങ്കിലും വന്ന് നിങ്ങളോട് എന്തെങ്കിലും പറഞ്ഞാൽ, ആ പറയുന്ന ആൾ സത്യമാണോ പറയുന്നത് എന്ന് വിലയിരുത്തേണ്ടതാണ്. നിങ്ങളെ അവൻ തെറ്റായ കാര്യത്തിലേക്കല്ല നയിക്കുന്നത് എന്ന് ഉറപ്പാക്കേണ്ടതാണ്.

ദൈവം വഴി കാണിക്കുന്നുവെന്നത് പൊള്ളയായ കാര്യമല്ല. ഈ നൂറ്റാണ്ടിൽ ദൈവം തെരഞ്ഞെടുത്ത തന്റെ ദാസനിലൂടെ **"ഹൃദയം"** എന്ന വിഷയത്തെക്കുറിച്ച് വെള്ളിയാഴ്ച ഖുത്തുബകളിലൂടെ വെളിച്ചം വീശിയിട്ടുള്ളതാകുന്നു. എത്ര പേർ ഇക്കാര്യത്തെ പരിഗണനയിൽ എടുത്തിട്ടുണ്ട് ? തങ്ങളുടെ ഹൃദയങ്ങൾ ശുദ്ധീകരിക്കുവാനും, വൃത്തിയാക്കുവാനും എത്ര പേർ താൽപ്പര്യമെടുത്തിട്ടുണ്ട് ? ഈ വെള്ളിയാഴ്ച ഖുത്തുബകൾ മനസ്സിലാക്കുന്നതിൽ നിങ്ങൾ വിജയിച്ചാൽ, നിങ്ങൾ വിനയമുള്ളവരായി തീരുന്നതാണ്. വിനയത്താൽ നിങ്ങളുടെ ഹൃദയങ്ങൾ നിറയപ്പെടുന്നതായിരിക്കും. മുതിർന്നവരോട് നിങ്ങൾ ആദരവ് പുലർത്തും. മുതിർന്നവർ കുട്ടികളോടും ആദരവ് പ്രകടിപ്പിക്കും. ; ഇവ പരസ്പരപൂരകങ്ങളായ കാര്യങ്ങളാണ്. അതുല്യ സ്രഷ്ടാവിനോട് അതുല്യ സ്നേഹ വായ്പിനാൽ നിങ്ങൾ ലയിച്ചു ചേരും. അതുപോലെ അല്ലാഹുവിനോട് നിങ്ങൾക്ക് സ്നേഹമുണ്ടാകുമ്പോൾ, അവൻ നിയോഗിച്ച അവന്റെ സേവകനോട് നിങ്ങൾക്ക് സ്നേഹം, അനുകമ്പ, സൗഹൃദം ഇവ ഉണ്ടായി വരുന്നതാണ്. അങ്ങനെ നിങ്ങൾക്ക് ആത്മീയതയിൽ ഉറച്ചു നിൽക്കുവാൻ സാധിക്കുന്നതാണ്.

ആത്മീയ ജോലികൾ വളരെ എളുപ്പമാണെന്ന് ആളുകൾ കരുതുന്നു. സത്യത്തിൽ ഇത് വളരെ പ്രയാസമുള്ള ജോലിയാണ്. കാരണം ജനങ്ങൾ സന്മാർഗ്ഗത്തെ നിരസിക്കുന്നു. വിശുദ്ധ ഖുർ ആനിൽ അല്ലാഹു (ത) പറയുന്നു. **"നിങ്ങൾ ഇസ്ലാം അംഗീകരിച്ചിരിക്കുന്നുവെന്നു പറയുക, നിങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്നു പറയരുത്."** (അൽഹുജ്റാത്ത്) നിങ്ങൾക്ക് ഇത് വരെയും ഈമാൻ ലഭ്യമായിട്ടില്ല. പ്രയാസങ്ങളുടെയും, പരീക്ഷണങ്ങളുടെയും സമയത്ത് നിങ്ങൾ വളരെയധികം ത്യാഗങ്ങൾ ചെയ്യേണ്ടതായി വരുന്നതാണ്. ഈമാൻ ലഭ്യമാകുന്നതിന് അല്ലാഹു അത്തരം പരീക്ഷണങ്ങൾ നടത്തുന്നതാണ്. അല്ലാഹുമായി അത്തരം കടപ്പാട് സ്ഥാപിക്കുവാൻ അനിവാര്യവുമാണത്. ആ ഔന്ന്യത്തത്തിൽ എത്തിച്ചേരുവാൻ അത്തരം ത്യാഗ പോരാട്ടങ്ങൾ ആവശ്യമാണ്. അല്ലാഹുവിലേക്ക് അടുക്കുവാൻ ഒരാൾ കൂടുതൽ ആഗ്രഹിച്ചാൽ, അവനെ അല്ലാഹു കൂടുതൽ പരീക്ഷണ വിധേയമാക്കുന്നതാണ്.

ഇന്ന് 2014 നവംബർ 7 ആണ് - പ്രധാനപ്പെട്ട ഒരു ദിവസമാണിത് - അനേകം കുട്ടികളും ഇപ്പോൾ അവധിക്കാലം ആഘോഷിക്കുകയാണ്. എന്നാൽ അവധിക്കാലത്തിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് അവർ വാർഷിക പരീക്ഷ എഴുതേണ്ടതുണ്ട്. ഒരു സ്കൂൾ വർഷത്തിൽ അനേകം ചെറു പരീക്ഷകൾ എഴുതേണ്ടതുണ്ട്. എങ്കിൽ മാത്രമേ അവർ പ്രതീക്ഷിച്ചിരിക്കുന്ന അവധിക്കാലത്തിൽ എത്തിച്ചേരുകയുള്ളൂ. പരീക്ഷകളിൽ വിജയിച്ച ശേഷം വളരെയധികം കുട്ടികളെയും സന്തോഷഭരിതരായി കാണുവാൻ കഴിയും. പരീക്ഷാ ഫലം തങ്ങളുടെ രക്ഷിതാക്കളെയും സുഹൃത്തുക്കളെയും കുടുംബത്തെയും അവർ കാണിക്കുന്നു. വിജയിക്കാത്തവരെ സംബന്ധിച്ചിടത്തോളം, അവരുടെ മുഖത്ത് യാതൊരു പ്രസാദവും കാണില്ല. ചിലർ കരയുന്നുണ്ടാവും, ചിലർ ദുഃഖിതരായിരിക്കും. കാരണം ഒരു വർഷം പഠിക്കുവാൻ ഉണ്ടായിരിന്നിട്ടും അവർ പഠിച്ചില്ല. ക്ലാസ് പരീക്ഷകൾ പാസായില്ല. അവസാനം അന്തിമ പരീ

ക്ഷയിലും വിജയിക്കാനായില്ല. എന്നാൽ ക്ലാസ് ടെസ്റ്റുകളിൽ വിജയിച്ചാലും അന്തിമ പരീക്ഷയിൽ വിജയിച്ചില്ലെങ്കിൽ ക്ലാസ്സ് ടെസ്റ്റുകളിൽ വിജയിച്ചതിൽ ഒരർത്ഥവുമില്ല. അന്തിമ പരീക്ഷാ വിജയത്തിന് അതാണ് കണക്കാക്കപ്പെടുന്നത്. മോശം ഫലം കരസ്ഥമാക്കിയവർ താഴ്ന്ന ക്ലാസ്സിൽ വീണ്ടും പഠിക്കേണ്ടി വരുന്നു. എന്നാൽ പരീക്ഷയിൽ ജയിച്ച വർക്ക് ഉന്നത പഠനത്തിന് വഴിയൊരുങ്ങുന്നു.

നമ്മുടെ ജീവിതവും ഇങ്ങനെയാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. ഒരു ദൈവ ദൂതൻ ആഗതനാകുമ്പോൾ, സന്ദേശം നിങ്ങളിൽ എത്തിക്കുക എന്നത് അദ്ദേഹത്തിന്റെ ഉത്തരവാദിത്വമാണ്. ദൈവത്തിൽ നിന്ന് സന്ദേശം എത്തി യാൽ അത് മഴ വർഷിക്കുന്നതു പോലെയാണ്. എല്ലാ വൃക്ഷങ്ങളും പൂക്കളും ആ മഴയിൽ നിന്ന് പ്രയോജനം കൊള്ളുന്നു. പുല്ലുകൾക്കും അതിന്റെ ഫലം ലഭിക്കുന്നു. നിങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയാത്ത ഉപദ്രവകാരിക ളായ മുൾ ചെടികൾക്കും, ആ മഴ ലഭിക്കുന്നു. മഴ വർഷിക്കുമ്പോൾ നിങ്ങൾ എന്താണ് നിരീക്ഷിക്കുന്നത് ? ഇത് എല്ലായിടത്തും വർഷിക്കുന്നു - ഫലവൃക്ഷങ്ങളിലും, സസ്യങ്ങളിലും, വന്യ പുല്ലുകളിലും, ചെടികളിലും - വന്യ മരങ്ങൾ വളരെ പെട്ടെന്ന് വളരുന്നു. എന്നാൽ നല്ല വൃക്ഷങ്ങളും തോട്ടങ്ങളും മെല്ലെ വളരുന്നു. വന്യ വൃക്ഷങ്ങളെ ഒച്ചുകളോ, കീടങ്ങളോ, പ്രാണികളോ, മൃഗങ്ങളോ ആക്രമിക്കുന്നില്ല. എന്നാൽ നല്ല വൃക്ഷങ്ങളെ ഇതെല്ലാം ആക്രമി ക്കുന്നതാണ്.

മനസ്സിലാക്കുവാൻ ശ്രമിക്കുക! സുവിശേഷകൻ, ഒരു ദൈവദൂതൻ വരുമ്പോൾ അദ്ദേഹം നിങ്ങൾക്ക് ദൈവ കല്പനകൾ നല്കുന്നു. അപ്പോൾ നിങ്ങൾ ചിന്തിക്കുക, ഏത് രീതിയിലുള്ള ഒച്ചുകളാണ്, കീടങ്ങളാണ്, തേളുക ളാണ് അദ്ദേഹത്തെ ആക്രമിക്കുവാൻ ശ്രമിക്കുന്നതെന്ന്. അതുപോലെ എല്ലാത്തരം മുൾച്ചെടികളും പെട്ടെന്ന് വള രും. നിങ്ങളുടെ ഈമാനെ ആക്രമിക്കുന്നതിനായി. അങ്ങനെ നിങ്ങൾ എവിടെയായിരുന്നുവോ അവിടെ നില നിൽക്കുന്നതിന് വേണ്ടി ശരിയായ പാതയിൽ വരാതിരിക്കുവാൻ. ഒരു പള്ളിയിൽ അല്ലാഹുവിനെ ആരാധിക്കുന്നവ രായി കാണുന്നതിന് പകരം കള്ളു ഷാപ്പുകളുടെ സമീപത്തുള്ള റോഡിൽ മദ്യപിച്ച് മദോന്മത്തരായി കിടക്കുന്നത് കാണാനാണ് അവർക്ക് താൽപര്യം.

ആയതിനാൽ, ഞാൻ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് നിങ്ങൾ ചിന്തിക്കുക. ഇൻശാ അല്ലാഹ് നാളെ നമ്മുടെ പരിപാടിയിൽ വീണ്ടും കണ്ടുമുട്ടും. ഇന്ന് 2014 നവംബർ 7 ലെ വെള്ളിയാഴ്ച ഖുത്തുബ ഇവിടെ അവസാനിപ്പി ക്കുന്നു. ഇൻശാ അല്ലാഹ് !

**Translated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

*******